# ചെറിയ പട്ടങ്ങളുടെ

# വലിയ വാനം



ഗവ : ഹയർ സെക്കന്ററി സ്കൂൾ മാതമംഗലം

# മുഖമൊഴി

*വിജ്ഞാനം വിരൽത്തുമ്പിലെത്തി നിൽക്കുന്ന പുതിയ കാലത്ത്
വിവരസാങ്കേതികവിദ്യയുടെ ഉന്നത മേഖലകളിലേക്ക് വിദ്യാർഥി
കളെ നയിക്കുന്ന നിരവധി പ്രവർത്തനങ്ങൾ "ലിറ്റിൽകൈറ്റ്സി"നായി
നടത്തി വരുന്നുണ്ട്.മലയാള ഭാഷയുടെ സർഗാത്മകസൗന്ദര്യം
ഡിജിറ്റലൈസ്ചെയ്യുന്നതിന്റെ ഭാഗമായി കഴിഞ്ഞവർഷം മുതൽ
ഇ -മാഗസിൻ തയ്യാറാക്കി വരുന്നു.സ്കൂളിലെ
അധ്യാപകരുടെയും,കുട്ടികളുടെയുംരചനകൾ പരമാവധി ശേഖരിക്കുവാനും,
അവ ടൈപ്പുചെയ്ത് കുറ്റങ്ങളും ,കുറവുകളും പരിഹരിക്കാനും ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.
ഞങ്ങളുടെ ചെറിയ പട്ടങ്ങളുടെ വലിയ വാനം നിങ്ങളുടെ വായനയ്ക്കായി സാദരം
സമർപ്പിക്കട്ടേ........*

# ആശംസ



അനുനിമിഷം  വികസിച്ചുകൊണ്ടിരിക്കുന്ന ഈ സാങ്കേതികലോകത്ത് എഴുത്തും വായനയും സാഹിത്യവുമെല്ലാം സാങ്കേതികവല്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ കുട്ടികളുടെ ഭാവനയ്ക്കും സർഗാത്മകതയ്ക്കും പുതിയ രൂപഭാവങ്ങൾ നൽകി 'ലിറ്റിൽ കൈറ്റ്സ് 'തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

**രാജമ്മടീച്ചർ**

വൈസ് പ്രിൻസിപ്പാൾ

# ആശംസ



പുറത്തിറക്കുന്ന ഇ - മാഗസിന് നല്ല പ്രവർത്തന മികവുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. കുട്ടികളുടെ അറിവും, സമൂഹത്തോടുള്ള പ്രതിബദ്ധതയും അവരെ ബോധ്യപ്പെടുത്താൻ ശ്രദ്ധിക്കണം. അതുപോലെ ഇനിയുള്ള കാലത്ത് സാങ്കേതിക പരിജ്ഞാനവും അതിപ്രധാനമാണ്. ഇതിനെല്ലാം ഉതകും വിധത്തിൽ പുതുതലമുറയെ വാർത്തെടുക്കുന്നതിന് ഈ സംരംഭത്തിന് കഴിയട്ടെ എന്ന് ആത്മാർത്ഥമായും ആഗ്രഹിച്ചു കൊണ്ട് ആശംസകൾ നേരുന്നു.

**മുരളീധരൻ.എ.പി**

പി.ടി.എ.പ്രസിഡണ്ട്

**ചെറിയ പട്ടങ്ങളുടെ വലിയ വാനം**

## താളുകളിലൂടെ


വീട് നടക്കാനിറങ്ങുന്ന ഇടവഴികൾ....7
ലതീഷ് കെ കെ....7
ഗണിതം ശാസ്ത്രങ്ങളുടെ റാണി....11
പി ആർ പ്രഭാകരൻ....11
എന്റെ വായന....13
സുനിത ടീച്ചർ....13
ചുമർചിത്രകല....15
ശ്രീകുമാർ....15
ലിറ്റിൽ കൈറ്റ്സ് - ക്യാമ്പ് അനുഭവം....18
അഭിനവ് എ , കാർത്തിക് കെ വി....18
ഒരു ഉറക്കുപാട്ട്....19
നന്ദന ടികെ....19
സൈബർ ലോകത്തെ ചതിക്കുഴികൾ....*21*
*രാഗേഷ്* പി....*21*
ഉടമയില്ലാത്ത സെൽഫി....23
നന്ദിത.കെ....23
അമാനുഷം....25
ശങ്കരൻമാസ്റ്റർ ....25
പ്രൊജക്ട് ഓർമകൾ....26
-ഇഷാനിസത്യ....26
ശ്വാസം മുട്ടുന്ന ഡൽഹി....28
രസ്ന ടീച്ചർ....28
സെൽഫി....30
പ്രതീക്ഷ പ്രകാശ്....30
കാത്തിരിപ്പ്....34
സങ്കീർത്തന....34
ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ 2020....35
ഫാത്തിമ ഹാല ഐ.കെ....35
മഴയുടെ താണ്ഡവം....36
ആദിത്യൻ പവിത്രൻ....36
ജൂലിയസ് സീസർ....37
കീർത്തന എം വി....37
ആഗോള താപനം....38
അർജ്ജുൻ സി വി....38
പുഴയുടെ കരച്ചിൽ ആരു കണ്ടു....40
സഞ്ചൽ . എ ....40


**ഗവ : ഹയർ സെക്കന്ററി സ്കൂൾ മാതമംഗലം**

# വീട് നടക്കാനിറങ്ങുന്ന ഇടവഴികൾ

**ലതീഷ് കെ കെ**




ഗേറ്റ് പൂട്ടിയില്ലെങ്കിൽ പോലും
വീട് നടക്കാനിറങ്ങുന്നില്ല
എന്ന കണ്ടെത്തൽ
അവളിലുള്ള വിശ്വാസം
എന്നിൽ കൂട്ടിക്കൂട്ടി വന്നു.

ഗേറ്റിന് മുന്നിലെ ഇടവഴികൾ
പെരുവഴിയാക്കിയാൽ
വീട് നടത്തം നിർത്തും
എന്ന ആശയം
അവളുടെതായിരുന്നല്ലോ .

എന്റെ വീട്
ഇറങ്ങി നടക്കാറുണ്ടായിരുന്ന
വഴികളത്രയും
ഇടവഴികളായിരുന്നു.
പെരുവഴികളുടെ
വയറൊഴിക്കാനായി
നിർമ്മിക്കപ്പെട്ടതു പോലുള്ള
ഇടവഴികൾ.

തമ്പായിയുടേയും,,
കുഞ്ഞാതിയുടേയും,

മാതിയുടേയും,
ചേയിയുടേയും
വീടുകൾ വരുമ്പോൾ
ഒന്ന് ഒതുങ്ങി നിന്ന്
പറഞ്ഞുകേൾക്കാൻ
പാകത്തിലുള്ള ഇടവഴികൾ

ചില നേരങ്ങളിൽ
വീടിനൊപ്പം
നടക്കാനിറങ്ങാറുള്ള
എന്റെ പറമ്പിലെ
പ്ലാവിനേയും, മാവിനേയും, പുളിയേയും
ചേനയോ, ചേമ്പോ, വാഴയോ
ആക്കി മാറ്റി തിരിച്ചെത്തിക്കാൻ
കഴിവുണ്ടായിരുന്ന
ഇടവഴികൾ.

വീട് നടക്കാനിറങ്ങാത്ത നേരങ്ങളിൽ
ഇടവഴികൾ
വീട്ടിലേക്ക് നടന്നെത്തും
എന്ന് പറഞ്ഞു തന്നത്
അവളായിരുന്നു.
തിരിച്ച് പോകുമ്പോൾ
ഒരു പിഞ്ഞാണം
പഞ്ചസാരയോ,
ചായപ്പൊടിയോ,
ഉപ്പോ, ഉപ്പിലിട്ടതോ
എന്നു വേണ്ട
തീ തന്നെ
കൊണ്ടുപോകാറുണ്ടെന്നും .

വീട് നടക്കാനിറങ്ങുന്നത്
അടുക്കള രഹസ്യങ്ങൾ കൊണ്ടാണെന്നും,

ഇടവഴി വീട്ടിലെത്തുന്നത്
അങ്ങാടിപ്പാട്ടുമായിട്ടാണെന്നും
കേൾപ്പിച്ചു തന്നത് അവളായിരുന്നു.

ഇടവഴി താണ്ടിയുള്ള
വീടിന്റെ തിരിച്ചെത്തലുകൾക്ക് ശേഷം
സ്വയം കുലുങ്ങി കുലുങ്ങി വീട്
ഭൂകമ്പങ്ങൾ തീർക്കുന്നത്
അഭിനയിച്ച് കാട്ടിത്തന്നതും
അവളായിരുന്നു .

പറഞ്ഞു പറഞ്ഞ്
കേൾപ്പിച്ചു കേൾപ്പിച്ച്
അഭിനയിച്ച് അഭിനയിച്ച്
മടുത്തു മടുത്ത്
എന്റെബാധിര്യത്തോട്
അവൾ മിണ്ടാതായി.

മുട്ടിയ മിണ്ടാട്ടം തീർക്കാൻ
ഞാൻ വീടിന് ചുറ്റും മതിൽ തീർത്തു.
മതിലിന്റെ ഇടവഴിയിലൂടെ
വീട് വീണ്ടും നടക്കാനിറങ്ങി.
മതിലിന് ഗേറ്റ് തീർത്തു.
ഗേറ്റ് അടക്കാത്ത നേരങ്ങളിൽ
വീട് നടക്കാനിറങ്ങി.

'ഇനി ഒരു വഴിയേയുള്ളൂ
ഗേറ്റിന് മുന്നിലെ
ഇടവഴി പെരുവഴിയാക്കുക ' .
ഗേറ്റ് പൂട്ടിയില്ലെങ്കിൽ പോലും
വീട് നടക്കാനിറങ്ങുന്നില്ല
എന്ന കണ്ടെത്തൽ
അവളിലുള്ള വിശ്വാസം

എന്നിൽ കുട്ടിക്കുട്ടി വന്നു.

ആരോടും പറയാതെ,
ആരും കാണാതെ
എന്റെ വീട്
നടക്കാനിറങ്ങിയ ആ ദിവസം
എല്ലാം കഴിഞ്ഞ്
ഞാൻ മടങ്ങിയെത്തുമ്പോൾ
മുറ്റത്ത് തന്നെ
അവൾ നിൽപ്പുണ്ടായിരുന്നു.
കാണെക്കാണെ അവളിൽ
വാതിലുകളും ജനാലകളും
ഉറക്കാൻ തുടങ്ങുന്നു....

# ഗണിതം ശാസ്ത്രങ്ങളുടെ റാണി

പി ആർ പ്രഭാകരൻ



സകല ശാസ്ത്രങ്ങളുടെയും റാണിയാണ് ഗണിതശാസ്ത്രം എന്ന് പൊതുവെ എല്ലാവരും പറയാറുണ്ട്. അടിസ്ഥാന ശാസ്ത്ര ശാഖകളിൽ മാത്രമല്ല , സംഗീതം , ചിത്രകല , കവിത , ശിൽപ്പകല തുടങ്ങിയ സർഗാത്മക വിഷയങ്ങളിലും ഗണിതത്തിന് നിർണായക സ്ഥാനമാണുള്ളത്. ഗണിതം പ്രപഞ്ചത്തിന്റെ ഭാഷയാണ്.

കണക്കില്ലാതെ ഒരു ജീവിതം ചിന്തിക്കാൻപോലും കഴിയില്ല. ജീവിതത്തിൽ കണക്കിനെ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ നിരവധിയാണ്. കണക്കിനെ കൃത്യമായി ഉപയോഗിക്കണമെങ്കിൽ യുക്തിപരമായി ചിന്തിക്കുവാനും ബന്ധങ്ങൾ കണ്ടെത്താനും അവയെ സർഗ്ഗാത്മകമായി ഉപയോഗിക്കുവാനും കഴിവുണ്ടാകണം. ക്ലാസ് മുറികളിൽ ഇത്തരം കഴിവുകൾ വികസിക്കുവാൻ ആവശ്യമായ പഠനാവസരങ്ങൾ പലപ്പോഴും കുട്ടികൾക്ക് ലഭ്യമാകുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെയാണ് ഗണിതശാസ്ത്ര ക്ലബ്ബുകളുടെ പ്രസക്തി. കുട്ടികൾ തമ്മിലും കുട്ടികളും അധ്യാപകരും തമ്മിലും സൗഹാർദവും ധാരണയുമുണ്ടാക്കാൻ ഇത്തരം അനൗപചാരിക വേദികൾക്ക് കഴിയും.

ഗണിത പ്രഹേളികകളും കടങ്കഥക്കണക്കുകളും കുട്ടികൾക്ക് ഇഷ്ടമാണ്. ഒന്നു രണ്ടു പ്രശ്നങ്ങൾക്ക് സ്വയം ഉത്തരം കണ്ടെത്താൻ കഴിയുന്നതോടെ അവരിൽ ആത്മവിശ്വാസം വർദ്ധിക്കും. പ്രസിദ്ധ ഗണിത ശാസ്ത്രജ്ഞനായ ലീബ്നിസ് തന്റെ സമയത്തിന്റെ നല്ലൊരുഭാഗം കണക്കിലെ കടംകഥകളെ കുറിച്ച് പഠിക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ആൽബർട്ട് ഐൻസ്റ്റീനിന്റെ പുസ്തക ശേഖരത്തിൽ വലിയൊരു പങ്ക് വിനോദഗണിതത്തെ സംബന്ധിച്ചുള്ളതായിരുന്നു.

ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് പുറമേ , സ്കൂളുകളിൽ ധാരാളം ഗണിത പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താവുന്നതാണ്. ഗണിതശാസ്ത്ര സംബന്ധിയായ പുസ്തകങ്ങൾ ശേഖരിച്ച് ഒരു ഗണിത ലൈബ്രറി ഉണ്ടാക്കുവാൻ സാധിക്കും.ഗണിതത്തിലെ പഠനപ്രവർത്തനങ്ങൾ പ്രായോഗികമായി ചെയ്തു പഠിക്കാൻ ആവശ്യമായ ഒരു ഗണിതലാബ് സജ്ജീകരിക്കുന്നത് ഏറ്റവും നല്ല കാര്യമായിരിക്കും . പ്രവർത്തനത്തിലൂടെ തത്വത്തിലേക്ക് എന്ന ആശയം നടപ്പിലാക്കുവാൻ ഗണിതലാബ് പ്രവർത്തനങ്ങൾ സഹായിക്കും .

## വർത്തമാന പത്രങ്ങളിൽ ഗണിതശാസ്ത്ര സംബന്ധിയായ ലേഖനങ്ങളും ക്വിസ് ചോദ്യങ്ങളും

ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങളും വരാറുണ്ട് . അവയെല്ലാം ശേഖരിച്ച് ഒരു പുസ്തകരൂപത്തിൽ സമാഹരിച്ചാൽ ഏറ്റവും നല്ല ഒരു റഫറൻസ് ഗ്രന്ഥമായി . ഭാഷയുടേയും ഗണിതത്തിന്റെയും ഒരു സമഞ്ജസ സൗന്ദര്യമാണ് 'കടപയാദി' എന്ന ഗണിതസങ്കേതം. കടപയാദിയിൽ എഴുതപ്പെട്ട ശ്ലോകങ്ങൾ ശേഖരിച്ച് ഒരു ഗണിത പതിപ്പ് തയ്യാറാക്കാം .

മനോഹരമായ ഗണിത മാസിക തയ്യാറാക്കാം. ഗണിത പസിലുകളുടെ ഉത്തരങ്ങൾ കണ്ടെത്തുക എന്നത് ഗണിതശാസ്ത്രത്തിൽ താല്പര്യമുള്ള കുട്ടികൾക്ക് വെല്ലുവിളി നിറഞ്ഞതായിരിക്കും . ഗണിതശാസ്ത്ര പ്രവർത്തനങ്ങൾ കൂടുതൽ ചെയ്യുന്നതുവഴി ഗണിതം ഒരു രസകരമായ അനുഭവമാക്കി മാറ്റുവാൻ നമുക്ക് കഴിയും .

# എന്റെ വായന

സുനിത ടീച്ചർ

## കല്യാണി എന്നും ദാക്ഷായണി എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ



**ഈ**യടുത്ത കാലത്ത് വായിച്ച പുസ്തകങ്ങളിൽ തികച്ചും വ്യത്യസ്തമായ ഒരു പുസ്തകമാണിത്. പൗരാണികതയും ഗ്രാമീണതയും ഉള്ളിൽ നിറച്ച ശീർഷകമാണ് ഈ പുസ്തകം വായിക്കണമെന്ന നിർബന്ധം എന്നിലുണ്ടാക്കിയത് .ഫേസ്ബുക്കിൽ എഴുപതോളം അധ്യായങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ട, ആനുകാലികങ്ങളിൽ ഖണ്ഡശ്ശ : പ്രസിദ്ധീകരിച്ച് സ്വീകാര്യതയാർജിച്ച പുസ്തകം എന്നതും അത് പെട്ടെന്ന് സ്വന്തമാക്കണമെന്ന തോന്നലിനു പിന്നിലുണ്ട്.

വടക്കൻ കേരളത്തിന്റെ മനോഹരമായ ഗ്രാമഭാഷയുടെ സൗന്ദര്യം എന്നെ നടത്തിച്ചത് എന്റെ കുട്ടിക്കാലത്തെ നാട്ടിടവഴികളിലേക്കാണ്. കല്യാണിയും, ദാക്ഷായണിയും, ചേയ്ക്കുട്ടിയുമെല്ലാം കുഞ്ഞമ്മേച്ചിയും, ചാരേച്ചിയും, കമലേച്ചിയും പിന്നെ ഒരുപാട് ഏച്ചിമാരും നാട്ടുമൊഴി വഴക്കത്തിന്റെ സൗന്ദര്യം മാത്രമല്ല എന്നെ ഞാനാക്കിയ ഗർഭപാത്രത്തിന്റെ ചൂടും അമ്മിഞ്ഞപ്പാലിന്റെ മാധുര്യം ഇല്ലെങ്കിലും അമ്മയും വീണ്ടും വീണ്ടും എന്റെ മുന്നിൽ നിറഞ്ഞാടി. സ്ത്രീത്വം എല്ലാകാലത്തും അഭിമുഖീകരിക്കാറുള്ള പ്രശ്നങ്ങളൊക്കെയും വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്ന നാട്ടുപെണ്ണുങ്ങൾ എന്നും എന്നെ അത്ഭുതപ്പെടുത്താറുണ്ട്. കല്യാണിയും, ദാക്ഷായണിയും, കുഞ്ഞിപ്പെണ്ണും, ചേയിക്കുട്ടിയുമെല്ലാം നമുക്ക് മുന്നിൽ തുറന്നിടുന്നത് നാട്ടു നന്മയുടെയും, ധൈര്യത്തിന്റെയും, തലയെടുപ്പിന്റേയും ഉള്ളറകൾ മാത്രമല്ല, സ്ത്രീ മനസ്സിന്റെ രഹസ്യ അറകൾ കൂടിയാണ്.

വ്യത്യസ്ത സ്വഭാവക്കാരായ ആളുകൾ, വിശ്വാസങ്ങൾ, സ്ത്രീപുരുഷ കാമനകൾ ,കേരളത്തിന്റെ തെക്കുവടക്ക് ബന്ധങ്ങൾ എന്നിവയെല്ലാം തന്നെ പഴമയും, പുതുമയും ചാലിച്ച്, തികച്ചും വ്യത്യസ്തമായ ആഖ്യാന രീതിയിൽ, തികഞ്ഞ കയ്യടക്കത്തോടെ നർമത്തിന്റെ


മേമ്പൊടിയിട്ട് ഭദ്രമായി അവതരിപ്പിക്കാൻ എഴുത്തുകാരിക്ക് കഴിഞ്ഞിട്ടുണ്ട്. വ്യത്യസ്തമായ ഒരു വായനാനുഭവം സമ്മാനിച്ച ആർ രാജശ്രീക്ക് വലിയ അഭിനന്ദനം....

# ചുമർചിത്രകല

ശ്രീകുമാർ



**അ**തിമനോഹരങ്ങളായ ചുവർചിത്രങ്ങൾ വരച്ച ദേവാലയങ്ങളും, രാജകീയ സൗധങ്ങളും ഭംഗി പിടിപ്പിക്കുന്ന സമ്പ്രദായം ഇന്ത്യയിൽ രൂപം കൊണ്ടിട്ട് ചുരുങ്ങിയത് രണ്ടായിരം വർഷങ്ങളെങ്കിലും കഴിഞ്ഞുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു.വാല്മീകിയുടെ 'രാമായണത്തിലും' ഭരതമുനിയുടെ 'നാട്യശാസ്ത്രത്തിലും' 'നാരദശില്പത്തിലും' ചുവർചിത്രങ്ങളെപ്പറ്റി  പരാമർശിച്ചിട്ടുണ്ട്. ചുവർ ചിത്രങ്ങളുടെ ധർമ്മത്തെക്കുറിച്ചും ആലേഖന സമ്പ്രദായത്തെക്കുറിച്ചും വിവരിക്കുന്ന പുരാണഗ്രന്ഥങ്ങൾ ഏഴാം നൂറ്റാണ്ടിലും പന്ത്രണ്ടാം നൂറ്റാണ്ടിലും പതിനാറാം നൂറ്റാണ്ടിലും രചിച്ചിട്ടുണ്ട്. ചുവർ ചിത്രങ്ങൾ വരക്കേണ്ടത് എങ്ങിനെ എന്ന് പ്രതിപാദിക്കുന്ന അനേകം താളിയോല ഗ്രന്ഥങ്ങൾ ഭാരതത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.




ചുവരിൽ കുമ്മായം ഉപയോഗിച്ച് പ്രാഥമിക പ്രതലവും അതിനുമീതെ നേർമയുള്ള വീതിയുള്ള പ്രതലവും ഒരുക്കിയ ശേഷം അതിന്മേൽ വരയ്ക്കുന്ന ചിത്രങ്ങൾ ആണ് ചുവർചിത്രങ്ങൾ.

## വർണ്ണങ്ങൾ

കാവിചുവപ്പ്, കാവിമഞ്ഞ, പച്ച, ചുവപ്പ്, വെള്ള, നീലം, ഹരിതനീലം, കറുപ്പ്, മഞ്ഞ, സ്വർണ്ണമഞ്ഞ തുടങ്ങിയ വർണ്ണങ്ങളാണ് കേരളത്തിൽ ചുവർ ചിത്രങ്ങളിൽ പൊതുവേ കാണപ്പെടുന്നത്. മണ്ണിൽ നിന്നും കുഴിച്ചെടുക്കുന്ന ധാതുക്കളും, രാസവസ്തുക്കളും ചെടികളുടെയും കായ്കളുടെയും ചാറുകളും അവയ്ക്കു പുറമേ ചായങ്ങളുടെ നിർമ്മാണത്തിന് പ്രത്യേകതരം വെട്ടുകല്ലിൽ നിന്നും കാവിചുവപ്പും കാവിമഞ്ഞയും തയ്യാറാക്കിയിരുന്നു. നീല അമരിചെടിയുടെ ഇലയിൽനിന്നും നീലനിറം ഉണ്ടാക്കിയിരുന്നു. ചായില്യവും ചില നിറങ്ങൾ നിർമ്മിക്കുവാൻ ഉപയോഗിച്ചിരുന്നു.മാലക്കൈറ്റ്  എന്ന ചെമ്പിന്റെ അയിരും പച്ച നിറത്തിനായി ഉപയോഗിച്ചിരുന്നു. എണ്ണക്കറയിൽ നിന്നും കറുപ്പുനിറവും നിർമ്മിച്ചിരുന്നു. പച്ചയും നീലയും

*നിറങ്ങൾ കൊടുക്കുന്ന സ്ഥാനത്ത് ചുവരിൽ തുരിശ് ലായനി പുരട്ടി കുമ്മായത്തിന്റെ ഗാഢത കുറയ്ക്കുന്ന രീതിയും നിലനിന്നിരുന്നു.*

*വെട്ടുകല്ലിലോ, കരിങ്കല്ലിലോ കെട്ടിപ്പടുക്കുന്ന ഭിത്തിയിൽ തേക്കുന്ന കുമ്മായം ഇളകി പോകാതിരിക്കാൻ വേണ്ടി പലതരം പശകൾ ഉപയോഗിച്ചിരുന്നു. ഈ പശകളുടെ കൂട്ടത്തിൽ ശർക്കരയും ഉൾപ്പെട്ടിരുന്നു. ചായങ്ങൾ അടർന്നു പോകാതിരിക്കാനായി വേപ്പിൻ പശ തുടങ്ങി വ്യത്യസ്ത തരം പശകളും ഉപയോഗിച്ചതായി കാണപ്പെടുന്നു.*



## തൂലികകൾ

*കോരപ്പുല്ല്, കൈതവേര് എന്നിവകൊണ്ട് ഉണ്ടാക്കുന്ന വിവിധതരം ബ്രഷുകളും മുളം തണ്ട് കൂർപ്പിച്ചെടുത്ത തൂലികയും ചിത്രം വരക്കുന്നതിനായി ഉപയോഗിച്ചിരുന്നു.കൂർപ്പിച്ചെടുക്കുന്ന മുളം തണ്ടിൽ മഞ്ഞച്ചായം മുക്കി ബാഹ്യരേഖകൾ വരക്കുന്നതാണ് ആദ്യഘട്ടം.അതുകഴിഞ്ഞ് ചുവന്ന ചായത്തിൽ ബാഹ്യരേഖകൾ ദൃഢപ്പെടുത്തും.ഭാവാവിഷ്കാരത്തിനും മറ്റും ചായത്തേക്കാൾ രേഖകളെയാണ് പഴയകാല ചിത്രകാരന്മാർ ആശ്രയിച്ചിരുന്നത്.*



*ചുമർചിത്രങ്ങളോടു കൂടിയ ഇരുന്നൂറോളം സങ്കേതങ്ങൾ കേരളത്തിലുണ്ട്.തിരുനന്ദിക്കരയിൽ നിന്നും ആരംഭിക്കുന്ന നമ്മുടെ ചുമർചിത്ര പാരമ്പര്യത്തിനു പത്തു നൂറ്റാണ്ടുകളുടെ തുടർച്ചയായ പാരമ്പര്യമുണ്ട്.കേരളത്തിലെ ചുമർചിത്രങ്ങൾ യഥാതഥ്യ ശൈലിയിൽ അല്ല വരച്ചിരിക്കുന്നത്.കാല്പനികതത്വത്തിന്റെയും ആദർശാത്മക സൗന്ദര്യാവിഷ്കരണത്തിന്റെയും സംശിഷ്ട മാതൃകകളാണ് കേരളത്തിലെ ചുമർ ചിത്രങ്ങൾ.അവയിൽ കേരളീയരുടെ വ്യക്തിത്വവും സവിശേഷതകളും പ്രതിഫലിച്ചു കാണാം.വിഗ്രഹ നിർമാണത്തിലെ താലപ്രമാണ വ്യവസ്ഥയും*

*അവർക്കു സ്വീകാര്യമായിരുന്നു.പതിനഞ്ചാം നൂറ്റാണ്ടുമുതൽ പതിനെട്ടാം നൂറ്റാണ്ടു വരെയുള്ള കാലത്താണ് കേരളീയ ചുമർ ചിത്രങ്ങൾ ഇന്നു കാണുന്ന രേഖാപ്രസരണ സൂക്ഷ്മതയും, ഭാവതീവ്രതയും, വർണ്ണതീവ്രതയും, വർണ്ണ ലയവും, ചലനാത്മക സൗന്ദര്യവും അലൗകിയ ഭംഗിയും കൈവന്നത്.*

# ലിറ്റിൽ കൈറ്റ്സ് - ക്യാമ്പ് അനുഭവം

**അഭിനവ് എ , കാർത്തിക് കെ വി**



**ഈ** വർഷത്തെ കൈറ്റ്സ് ജില്ലാ ക്യാമ്പ് നടന്നത് പയ്യന്നൂരിൽ വച്ചായിരുന്നു. ഞങ്ങൾ എട്ടു പേർ ഞങ്ങളുടെ സ്കൂളിൽ നിന്നും പങ്കെടുത്തിരുന്നു. അതിൽ നാലു പേർ പ്രോഗ്രാമിനും മറ്റു നാലുപേർ ആനിമേഷനും ആയിരുന്നു. കാർത്തികും അശ്വിനും ശ്രീനന്ദുവും ജിത്തുവും ആയിരുന്നു ആനിമേഷനിൽ പങ്കെടുത്തത്. പ്രോഗ്രാമിങ്ങിലായി അഭിനവ്, കാർത്തിക്, അർജ്ജുൻ, ആദിത്യൻ എന്നിവരും ആയിരുന്നു.

അവിടെനിന്നും ആനിമേഷൻ ആയി നാഥൻ മാഷും പ്രോഗ്രാമിങ് ആയി ജയദേവൻ മാഷും ക്ലാസെടുത്തു. ഇതുവരെ അറിയാത്ത പല കാര്യങ്ങളും അവിടെ നിന്ന് മനസ്സിലാക്കാൻ സാധിച്ചു. രണ്ട് ദിവസത്തെ ക്യാമ്പ് ആയിരുന്നു. ആദ്യദിനം നാഥൻ മാഷ് ട്യൂപിട്യൂബ് എന്ന സോഫ്റ്റ്‌വെയറിനെ കുറിച്ച് ക്ലാസ്സെടുത്തു. പ്രോഗ്രാമിംഗ് വിഭാഗത്തിൽ ചാന്ദ്രയാൻ വിക്ഷേപണം സംബന്ധിച്ച ഗെയിമുകൾ തയ്യാറാക്കിയിരുന്നു. ചന്ദ്രയാൻ ചന്ദ്രനിൽ എത്തുന്നതു വരെയുള്ള ഓരോ ഘട്ടവും ഞങ്ങൾ മനസ്സിലാക്കി. ആനിമേഷൻ കുട്ടികൾക്ക് ബ്ലെന്റർ എന്ന ആനിമേഷൻ സോഫ്റ്റ്‌വെയറിനെക്കുറിച്ചും കൂടുതൽ അറിയാൻ സാധിച്ചു.

പുതിയ കൂട്ടുകാരെ പരിചയപ്പെടാനും സാധിച്ചു.ഈ ക്യാമ്പ് മറക്കാൻ കഴിയാത്ത ഒരനുഭവമായിരുന്നു.

# ഒരു ഉറക്കുപാട്ട്

നന്ദന ടികെ



താരാട്ട് പാടി ഉറക്കിടാം ഞാൻ
എൻ പൊന്നു പിഞ്ചോമനയെ
നിദ്രതൻ കടലിലേക്ക് എത്തുമ്പോൾ
സ്വപ്ന മാധുര്യം നേടാനുറങ്ങൂ
നീലാകാശ ചുവട്ടിൽ വർണ്ണ
ശബളമാം പൂക്കൾക്കിടയിലൂടെ
ഓടിനടന്നു പറന്നു രസിച്ചീടാൻ

സ്വപ്നങ്ങൾ കാണുവാൻ നീയുറങ്ങൂ......
രാരീരാരീരം............
സ്വർണ്ണ കിരീടവും ചൂടി നിൽക്കും ഒരു
രാജകുമാരനായി മാറേണ്ടേ?

പൊൻ ചിറകുള്ളോരാ വെ ൺ കുതിരയുടെ
മുകളിൽ ഇരിക്കുവാൻ മോഹം ഇല്ലേ?
കിനാവുകൾ കണ്ടു മയങ്ങീടാൻ നിൻ മനം
കൊതിച്ചുകൊണ്ടങ്ങനിരിക്കയല്ലേ അതിൽ

ഓടിനടന്നു പറന്നു രസിച്ചീടാൻ
സ്വപ്നങ്ങൾ കാണുവാൻ നീയുറങ്ങൂ
രാരീരാരീരം............

# വാടിയ പൂക്കൾ

അന്ന നീ ആദ്യമായി കൺതുറന്ന ദിനം
പൊട്ടിക്കരഞ്ഞൊരാ നിന്നെ നോക്കി
പുഞ്ചിരി കൊണ്ട് ഞാനാദ്യമായി
നിന്നെയെൻ മാറിൽ കിടത്തീടവേ..

ഓർക്കുന്ന നീ പനിച്ചേറെയുറങ്ങാതെ
നിൽക്കുമ്പോൾ ഞാൻ ഉണർന്നദിനങ്ങൾ
നിന്നുടെ കൂടെയുള്ള നിമിഷങ്ങളെ
ഓർക്കുവാനല്ലെനിക്കാവതുള്ളൂ

ഞാൻ നിനക്കന്യയെന്നായതെന്നോതാതേ
വിടില്ല നീയെന്നെ ഏകയാക്കി
കൂട്ടിനായായിരം പേരുണ്ടവർക്കെല്ലാം
മക്കളായി നിൻ തുല്യരായിരങ്ങൾ

ഏവരുമൊത്തുള്ള നേരം ഞാനെന്നുമേ
ഓർത്തുപോകുന്ന നീയരികിലെന്നായ്
വാടിയ പൂപോലെയാകുന്നയെൻ ജന്മ-
മീ വൃദ്ധസദനത്തിലെന്നേക്കുമായ്
ഈ വൃദ്ധസദനത്തിലെന്നേക്കുമായ്....

# സൈബർ ലോകത്തെ ചതിക്കുഴികൾ

*രാഗേഷ് പി*



ഇനിയൊരു ലോക മഹായുദ്ധം ഉണ്ടായാൽ അത് ജലത്തിന് വേണ്ടി ആയിരിക്കില്ല. അത് സൈബർ മേഖലയിൽ ആയിരിക്കും.... എന്ന സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് മിക്ക ലോകരാജ്യങ്ങളും 'സൈബർ സേന' എന്ന പുതിയ സേനാവിഭാഗത്തിന് തന്നെ രൂപം നൽകിയത്. അമേരിക്കയുടെ മുൻ സൈനിക ഉത്തമായ റിച്ചാർഡ് ക്ലർക്കിന്റെ അഭിപ്രായത്തിൽ അമേരിക്കയെ നിശ്ചലമാക്കാൻ ഒരു വലിയ അനുഭവം ഒന്നും വിഷയമാക്കേണ്ട ആവശ്യമില്ല, വളരെ കൃത്യമായ പ്ലാനിങ്ങോടുകൂടി നടത്തുന്ന 5 മിനിറ്റ് നേരത്തെ സൈബർ ആക്രമണം മതി. ഈ വാക്കുകളിൽ നിന്നു തന്നെ സൈബർ മേഖലയുടെ വ്യാപ്തി നമുക്ക് മനസ്സിലാകും.

സൈബർ ലോകം വളരെ വിശാലമാണ്. അതിന്റെ മേഖല ശാഖകളും ഉപ ശാഖകളുമായി പടർന്നു പന്തലിച്ചു കൊണ്ടിരിക്കുകയാണ്. അതിനോടൊപ്പം തന്നെ സൈബർലോകത്തെ കുറ്റകൃത്യങ്ങളും വർധിക്കുന്നു. അത്തരം കുറ്റകൃത്യങ്ങളിൽ കൂടുതലും അകപ്പെട്ടു പോകുന്നത് കൗമാരക്കാരാണ്. ഈ മേഖലയെ പറ്റി കൃത്യമായ ധാരണ ഇല്ലാത്തതാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണം.

'ലോകം നമ്മുടെ വിരൽത്തുമ്പിൽ ' എന്ന ആപ്തവാക്യത്തോടെ പ്രവർത്തിക്കുന്ന ഒരു ആഗോള നെറ്റ്‌വർക്കിംഗ് ശൃംഖലയാണ് ഇന്റർനെറ്റ്. നമ്മൾ വളരെ സുരക്ഷിതരാണ് എന്ന് കരുതുന്ന പല സാഹചര്യങ്ങളും ഈ നെറ്റ് വർക്കിംഗ് ശൃംഖലയിൽ സുരക്ഷിതമല്ല എന്നുള്ളതാണ് വസ്തുത.

ഇന്ന് സൈബർ കുറ്റവാളികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഹാക്കർമാർ നമ്മളറിയാതെ നമ്മുടെ കമ്പ്യൂട്ടറിലോ ലാപ്ടോപ്പിലോ നുഴഞ്ഞുകയറി നമ്മുടെ സ്വകാര്യ വിവരങ്ങൾ ചോർത്തി എടുക്കുന്നു. ഈ സാഹചര്യത്തിലാണ് നമ്മൾ കൂടുതൽ ശ്രദ്ധാലു ആവേണ്ടത്.

## ***<u>സോഷ്യൽ മീഡിയ സൈറ്റുകൾ സുരക്ഷിതമാണോ ?</u>***

**ചെറിയ പട്ടങ്ങളുടെ വലിയ വാനം**

വാട്സ്ആപ്പ്, ഫെയ്സ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയ സൈറ്റുകൾ ഉപയോഗിക്കാത്തവർ വളരെ ചുരുക്കമായിരിക്കും. പക്ഷേ ഇത്തരം സൈറ്റുകളിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളെ പറ്റി പലരും ബോധവാന്മാരല്ല എന്നുള്ളതാണ് സത്യം. നമ്മൾ വളരെ സ്വകാര്യമായി അയക്കുന്ന മെസ്സേജുകൾ, ചിത്രങ്ങൾ, വീഡിയോ, ഓഡിയോ തുടങ്ങിയവയും സേവ് ചെയ്യപ്പെടുന്നുണ്ട്. മാത്രമല്ല ഇത്തരം മെസ്സേജുകൾ ചോർത്തിയെടുക്കാൻ വളരെ പെട്ടെന്ന് സാധിക്കും. ഒരു സൈബർ കുറ്റവാളിക്ക് ഒരു വ്യക്തിയുടെ വാട്സ്ആപ്പ് ,ഫേസ്ബുക്ക് എന്നിവ ചോർത്താൻ നിമിഷങ്ങൾ മതി. അതിന് സ്വകാര്യമായ സോഫ്റ്റ്‌വെയറുകളും ഇന്ന് ലഭ്യമാണ്. നമ്മളൊരു കമ്പ്യൂട്ടറിലോ, ലാപ്ടോപ്പിലോ, മെമ്മറി കാർഡിലോ, പെൻഡ്രൈവിലോ സേവ് ചെയ്ത് ഡിലീറ്റ് ചെയ്ത നമ്മുടെ സ്വകാര്യ വിവരങ്ങൾ നിമിഷങ്ങൾക്കുള്ളിൽ തിരിച്ചെടുക്കാൻ സാധിക്കുന്ന റിക്കവറി സോഫ്റ്റ്‌വെയറുകളും ഇന്ന് പ്രചാരത്തിലുണ്ട്. എത്ര തവണ ഫോർമാറ്റ് ചെയ്താലും ഒരിക്കൽ സേവ് ചെയ്ത വിവരങ്ങൾ നശിക്കുന്നില്ല എന്നതാണ് സത്യം.

സോഷ്യൽ മീഡിയ സൈറ്റുകളിൽ ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിച്ച് ആൾമാറാട്ടം നടത്തുന്നവരും കുറവല്ല... ഇവർ വലവിരിച്ച് അടുത്ത ഇരയെ കാത്തുനിൽക്കുന്നു. ഇപ്പോൾ സെൽഫി ഒരു ആഘോഷമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ് യുവതലമുറ. ഫോൺ ക്യാമറകൾ കാണുമ്പോൾ അതിനു മുന്നിൽ നിന്ന് കൊടുക്കുന്ന പെൺകുട്ടികളും ഒരുപാട് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നിങ്ങളുടെ ഫോട്ടോകൾ നാളെ മോർഫ് ചെയ്ത് ഇന്റർനെറ്റിൽ അപ്‌ലോഡ് ചെയ്യാൻ സൈബർ കുറ്റവാളികൾ നിങ്ങൾക്ക് പുറകെ ഉണ്ട്. അവർക്ക് അതിനുള്ള സോഫ്റ്റ്‌വെയറും ഇന്നു ലഭ്യമാണ്.

ഇത്തരം സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ ഗവൺമെന്റ് കഴിയാവുന്ന വിധം പരിശ്രമിക്കുന്നുണ്ട്; എങ്കിലും സൈബർ കുറ്റകൃത്യങ്ങളുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുകയാണ്. സൈബർ കുറ്റവാളി തെളിവുകൾ നശിപ്പിച്ചു മുന്നേറിക്കൊണ്ടിരിക്കുന്നു. മൊബൈലിലും ഇന്റർനെറ്റ്ബാങ്കിംഗ് അതിന്റെ മേഖല വിപുലമാക്കി കൊണ്ടിരിക്കുന്നു. അതുകൊണ്ടു തന്നെ പണമിടപാടുകളിൽ അതീവ ശ്രദ്ധ കാണിക്കണം. നമ്മളും ഇത്തരം കുറ്റവാളികളുടെ ഇരകളായി മാറിയേക്കാം.... ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ ഇന്ന് മേഖലയെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ നമ്മൾ വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്.

# ഉടമയില്ലാത്ത സെൽഫി

നന്ദിത.കെ



“ലോകം ഒരുപാട് മാറിയിരിക്കുന്നു. ഒരുപാടെന്നു വച്ചാൽ അളന്നു തിട്ടപ്പെടുത്താവുന്നതിനുമപ്പുറം". പ്രഭാകരൻ മാഷ് പറഞ്ഞു തുടങ്ങി. കുട്ടികളാണെങ്കിൽ ബോറടിച്ചിരിക്കുകയാണ്. പഴയ മാഷല്ലേ, മാഷിന്റെ ശൈലികൾ കുട്ടികൾക്ക് തീരെ രസകരമല്ലായിരുന്നു. എന്നും ക്ലാസിൽ ആധുനിക ലോകത്തെ പഴിച്ചുകൊണ്ടിരിക്കുന്ന മാഷിനോട് ചിലർക്ക് വെറുപ്പായിരുന്നു. വർണങ്ങൾ ക്ഷയിച്ച വസ്ത്രങ്ങളും , ജീവിതപാതകൾ താങ്ങി തേഞ്ഞു പോയ ചെരുപ്പും മൂക്കത്തൊരു മങ്ങിപ്പഴകിയ കണ്ണടയും, താടിയും , മുടിയും ഒക്കെ ക്കൂടി ഒരു മുഷിഞ്ഞ രൂപമാണാ മാഷിന്റേത് . അഞ്ചാംതരം മലയാളം അധ്യാപകനായ മാഷിന്റെ പുതുതലമുറയെ വിമർശിക്കുന്ന കഥകൾ കുട്ടികൾക്കെങ്ങനെ മനസിലാകാനാണ്.

പതിവുപോലെ സ്കൂളിലെത്തി അന്നും മാഷ് ഒരു കഥ പറയാൻ തുടങ്ങി. ആ നിമിഷം വരെ ചിരിച്ചു കൊണ്ടിരുന്ന കുട്ടികളുടെ മുഖം വീണ്ടും വാടി . ക്ലാസ് നിശ്ശബ്ദമായി. ആനിശ്ശബ്ദതയിൽ നിന്ന് മാഷ് തുടങ്ങി . മാഷ് എന്തോ ആലോചിക്കുന്നുണ്ടായിരുന്നു. തൊണ്ട ഇടറുന്നുണ്ടായിരുന്നു വളരെ താഴ്ന്ന സ്വരത്തിൽ അദ്ദേഹം പറയാൻ തുടങ്ങി

ഒരു ഗ്രാമം .അവിടെയാണ് ആ കുടുംബം താമസിച്ചത്. അച്ഛനും അമ്മയും ഒരു മകനുമാണ് താമസിച്ചത്. ആണായും പെണ്ണായും ഉള്ള കൺമണിയെ അവർ വാനോളം സ്നേഹം നൽകി. പഠനത്തിൽ നല്ല വിജയം കൈ വരിച്ച മകന് അവർ നൽകിയ സമ്മാനം ഫോണായിരുന്നു.

ഇത്ര പറഞ്ഞ് മാഷ് നിർത്തി. കുട്ടികളുടെ മുഖത്ത് ആകാംക്ഷയുണ്ടായി. മാഷ് വീണ്ടും തുടർന്നു. അവന്റെ ഏറെ നാളത്തെ ആഗ്രഹമായിരുന്നുവല്ലോ അത്. ആ സന്തോഷം ഏറെ നാൾ നീണ്ടില്ല അവന്റെ ലോകമാകെ മാറി. എന്നാൽ അത്ര കാര്യമാക്കിയില്ല.അവനിലെ ഗ്രാമീണത പാടെ മറഞ്ഞുപോയി . അച്ഛനമ്മമാരോട് മിണ്ടാൻ അവന് സമയം ഇല്ലാതായി. കാരണം അവന് സംസാരിക്കാൻ ഒരുപാട് പേരായി. Facebook, Whatsapp,അങ്ങനെ പലതിനെക്കുറിച്ചും അവൻ അവരെ പരിചയപ്പെടുത്തി. അതിനായി അവൻ ധാരാളം ഫോട്ടോസ് എടുക്കാൻ തുടങ്ങി, അവൻ മാത്രമുള്ള സെൽഫി.

**ചെറിയ പട്ടങ്ങളുടെ വലിയ വാനം**

മാഷിന്റെ വാക്കുകൾ മുറിഞ്ഞുപോയി.പറ മാഷേ കുട്ടികൾ ബഹളം വച്ചു. മാഷ് തുടർന്നു. സെൽഫി ഇന്നത്തെ സമൂഹത്തിന്റെ പ്രതീകമല്ലെ മക്കളേ.... ആരുടെയും ആശ്രയമില്ലാതെ താൻ മാത്രമടങ്ങുന്ന ഇന്നത്തെ മനുഷ്യ ചിന്തയുടെ പ്രതീകം

കുട്ടികളൊന്നും മിണ്ടിയില്ല. അവൻ അങ്ങനെയായി തീർന്നു. ഒരുപാട് സെൽഫികളെടുത്ത് അതിലൂടെ അവൻ എല്ലാവരിൽ നിന്നും അകന്ന് അവന്റെ ചിന്തകൾ അവനിൽ മാത്രമൊതുങ്ങി നിന്നു.അവർ ഒന്നും പറയാറില്ല, ഭയമാണ്. അവരുടെ മൗനം അവർക്കുതന്നെ തിരിച്ചടിയായി. പുതിയ സെൽഫികൾ എടുക്കാനായി പല സാഹസങ്ങൾ അവൻ ചെയ്യാൻ തുടങ്ങി. എല്ലാം കണ്ടു നിൽക്കാനേ അവർക്കു കഴിഞ്ഞുള്ളൂ. അവന്റെ അവസാന സെൽഫി.... മാഷിന്റെ കണ്ണുകൾ കടൽ പോലെ ഇരമ്പി വന്നു. മനസ്സും പ്രക്ഷുബ്ധമായി.

എന്റെ മകനെ വിളിച്ചല്ലോ ദൈവമേ.... അയാൾ നിലവിളിച്ചു കരഞ്ഞു.കുട്ടികൾ പരിഭ്രാന്തരായി അവർ ചുറ്റും കൂടി മാഷ് വാരിപ്പുണർന്നു. മാഷ് തുടർന്നു. അവൻ, അവൻ എന്റെ മകനാണ്. എന്റെ പുന്നാര മോൻ, അവന്റെ അവസാന സെൽഫി അവന്റെ മരണത്തിലേക്ക് കൊണ്ടു പോയി. പടു കൂറ്റൻ കെട്ടിടത്തിന്റെ മുകളിൽ നിന്നാണവൻ ആ സെൽഫിയെടുത്തത്. അറിയാതെ അവന്റെ കാലൊന്നു തെന്നി..........

മാഷ് മുട്ടുമടക്കി നിലത്തുവീണു പോയി. അന്നു ഞാനവനെ തടഞ്ഞിരുന്നെങ്കിൽ..... കുട്ടികൾ മാഷിനെ കെട്ടിപ്പിടിച്ചു. അൽപ്പ സമയത്തേക്ക് ആ ക്ലാസ്സ് മൂകമായി. മൂകതയിൽ നിന്ന് ആ ക്ലാസ്സ് ഉണരാൻ ഒരുപാട് വൈകി. അപ്പോഴേക്കും ബെല്ലടിച്ചു.

മാഷ് പതുക്കെ നിലത്തുനിന്നെഴുന്നേറ്റു. കണ്ണട ഊരി കണ്ണുകൾ തുടച്ചു. കണ്ണട വീണ്ടും മൂക്കിൻ തുമ്പത്ത് ഉറപ്പിച്ചുവച്ചു. പതുക്കെ ക്ലാസിൽ നിന്ന് പുറത്തേക്കു നടക്കുമ്പോൾ തിരിഞ്ഞു നോക്കിക്കൊണ്ട് മക്കളോട് പറഞ്ഞു....

ആ സെൽഫി എന്നെയും അവന്റെ അമ്മയേയും അനാഥമാക്കി.അടിക്കുറിപ്പുകളില്ലാത്ത ആ സെൽഫിയും അനാഥയായി.

# അമാനുഷം

ശങ്കരൻമാസ്റ്റർ



അരുണവർണമായ് ഒഴുകി
സന്തതികളെ മാറോടണച്ച
ആധിപത്യത്തനെ ഭീരുവാക്കി
വിയർപ്പ് മുട്ടലുകൾ തട്ടിമാറ്റി
ആർത്തലച്ച ചുടല താണ്ഡവമായി
ശക്തിതൻ പ്രവാഹത്തിൽ നിഗമന-
മായി തീരുമീ നിമിഷ പ്രാണനും
അന്ത്യകർമ്മങ്ങൾ ചെയ്തിടാനോ
കൂടപ്പിറപ്പിന്നു കുടിനീരേകുവാനോ
മിണ്ടാപ്രാണിതൻ മോചനമോ
എല്ലാം വിസ്മൃതിയിലാപോയിക
അംബര ചുംബികളാം കന്യകൾ
അംബേ ലജ്ജിച്ച തല താഴത്തിടുന്നു
പ്രകൃതിതൻ വൈഭവമൊന്നുമാത്രം
ജീവിതത്തിനടിസ്ഥാനമായിടുമ്പോൾ
ആരാധിച്ചിടുക നിത്യവും മാതാവിനെ
മേൽക്കുമേൽശ്രേയസ്സംവന്നിടും നിശ്ചയം

# പ്രൊജക്ട് ഓർമകൾ

-ഇഷാനിസത്യ



2019 ആഗസ്റ്റ് 8,9,10 തീയ്യതികളിലാണ് കേരളം വീണ്ടുമൊരു പ്രളയം അഭിമുഖീകരിച്ചത്. 2018 ആഗസ്റ്റിലെ പ്രളയം ബാധിക്കാതിരുന്ന ഞങ്ങളുടെ പ്രദേശത്തും ഈ പ്രളയം ബാധിച്ചു. അപ്പോഴാണ് അതിന്റെ കാരണങ്ങളിലേക്കും ഞങ്ങളുടെ ചിന്ത തിരിഞ്ഞത്. 1941 ന് ശേഷം 78 വർഷങ്ങളായി ഇത്തരത്തിൽ ഒരു പ്രളയം ഇവിടെ ഉണ്ടായിട്ടില്ലെന്നും ഇതിനെ പറ്റിപടിക്കാൻ പെടേന, ഏര്യം മുതൽ നീലേശ്വരം വരെ നീണ്ടുകിടക്കുന്ന ഒരു വലിയ പ്രദേശം തന്നെ നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട് എന്നത് ഞങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

ഏഴംഗ പ്രൊജക്ട് ഗ്രൂപ്പായിരുന്ന ഞങ്ങളുടേത്. അത്തരത്തിലുണ്ടായ പുതിയ സൗഹൃദങ്ങൾ ഈ പ്രൊജക്ടിലൂടെ ഉണ്ടായ  മറ്റൊരു നേട്ടമാണ്. അഭിമുഖം,ഫീൽഡ് സ്റ്റഡി,പരീക്ഷണം തുടങ്ങി 12 ഓളം പഠനരീതിക -ളാണ്  ഞങ്ങൾക്കുണ്ടായിരുന്നത്. അവ ഓരോന്നിലേയും കടന്നുപോയി ഏതാണ്ട് 300 ഓളം പഠനഫലങ്ങളും ഞങ്ങൾ കണ്ടെത്തി. അവയെ അപഗ്രഹിച്ചതിൽ നിന്ന് മഴ, പുഴ, വയൽ ജലത്തിന്റെ ഒഴുക്കിലെ തടസങ്ങൾ തുടങ്ങി വിവിധ നിഗമനങ്ങളിലേക്ക് ഞങ്ങൾ എത്തിച്ചേർന്നു

പഠനരീതികളിൽ ഏറ്റവും മനോഹരം ഫീൽഡ് സ്റ്റഡിയാണ്. പല സ്ഥലങ്ങൾ കാണാനും പലതും അനുഭവിച്ചറിയാനും അത് സഹായകമാ-യി.  പുഴയിൽ ഇറങ്ങിയും വെള്ളത്തിൽ കളിച്ചും അതിനിടയിലും വിനോദം കണ്ടെത്താൻ ഞങ്ങൾക്ക് സാധിച്ചു. കണ്ണിനെ അമ്പരിപ്പിച്ച കാഴ്ചകളിൽ ഒന്ന് പെടേന ക്വാറിയായിരുന്നു. ഭയങ്കരം! ഭയാനകം! എങ്ങനെയും പറഞ്ഞ് തീ ർക്കാൻ സാധിക്കാത്ത ഒരു മായാചിത്രം. പിന്നീടും പല പല അനുഭവങ്ങൾ ഉണ്ടായെങ്കിലും ഇതിനെ വെല്ലുത്തക്കരീതിയിൽ ഒന്നും ഉണ്ടായിരുന്നില്ല.

ഇത്തരത്തിൽ പൂർത്തിയായ പ്രൊജക്ട് ഞങ്ങൾ ശാസ്ത്രമേളയിൽ അവതരിപ്പിക്കുകയും സംസ്ഥാനതല  ശാസ്ത്രമേളയിൽ ‘A’ ഗ്രേഡ് ലഭിക്കുകയും ചെയ്തിരുന്നു. പിന്നീട് നടന്ന ബാലശാസ്ത്രകോൺഗ്രസ് മത്സരത്തിൽ ഇതേ പ്രൊജക്ട് ദേശീയ തലത്തിൽ തിരഞ്ഞടുക്കുകയും ചെയ്തു.എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങളെ നയിച്ച ഹരിമാഷിന് നന്ദി പറയാൻ വാക്കുകളില്ല.

ആരെന്ത് പറഞ്ഞാലും അത് അതേപടി സ്ഥിതീകരിക്കാതെ അതിനെ പരീക്ഷണങ്ങളുടെയും നിരീക്ഷണങ്ങളുടെയും ഭാഗമാക്കി മാറ്റി നടത്തുന്ന ശാസ്ത്രത്തിന്റെ രീതിയിലേക്ക് കടന്നു ചെല്ലുന്നതിന് ഈ പ്രൊജക്ട് സഹായിച്ചു. കൂടാതെ സ്കൂളിൽ നിന്ന് കിട്ടുന്ന അനുഭവങ്ങൾക്കപ്പുറം ഒരുപാട് അനുഭവങ്ങളും മനസ്സിൽ നിന്ന് മായാത്ത ഒരുപിടി മധുരിക്കുന്ന

ഓർമകളും തന്നതാണ്  ഞങ്ങളുടെ ഈ പ്രൊജക്ട്. ശാസ്ത്രപരമായും മറ്റ് സാമൂഹികപരമായുമുള്ള ഒരുപാട് നേട്ടങ്ങൾ കരസ്ഥമാക്കുന്നതിന് ഈ  പ്രൊജക്ട് ഞങ്ങളെ പ്രാപ്തരാക്കി. ഈ അനുഭവങ്ങൾ ഇത്തരത്തിലൊതുക്കാൻ കഴിയുന്നതല്ല. എങ്കലും എന്റെ മനസ്സിൽ തട്ടിയ മായാനിമിഷങ്ങളാണ് ഞാനീ പങ്കുവെച്ചവയെല്ലാം...

# ശ്വാസം മുട്ടുന്ന ഡൽഹി

രസ്ന ടീച്ചർ



ഒരു ഗ്യാസ് ചേംബറിനുള്ളിൽ ശ്വാസം മുട്ടുകയാണ് ഇപ്പോൾ ഡൽഹി. തലസ്ഥാനത്തെ 18 കോടി ജനങ്ങളുടെ ജീവവായുവിലാകെ മാലിന്യങ്ങൾ നിറഞ്ഞിരിക്കുന്നതും രാജ്യത്തിന്റെ മുഴുവൻ ആകുലതയായി മാറിക്കഴിഞ്ഞു. ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിൽ വരെ എത്തിനിൽക്കുകയാണ് കാര്യങ്ങൾ. ഒരു കാലത്ത് സൗന്ദര്യത്തിനൊപ്പം അന്തരീക്ഷ ശുദ്ധിക്കും പേരെടുത്ത ഡൽഹി നഗരം ഇപ്പോൾ ശുദ്ധവായുവില്ലാതെ ശ്വാസം മുട്ടുമ്പോൾ അതിൽ കേരളത്തിനടക്കമുള്ള പാഠങ്ങൾ കൂടിയുണ്ട്.

മലിനീകരണം വിവിധ തലങ്ങളിൽ നഗരജീവിതത്തെ താറുമാറാക്കി കഴിഞ്ഞു. പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിലെ കാർഷികവിള അവശിഷ്ടങ്ങൾ കത്തിക്കുന്നതിന്റെ പുകയും വാഹനങ്ങളുടെ പുകയുമാണ് ഡൽഹി നഗരാന്തരീക്ഷത്തെ ഈ കഷ്ട സാഹചര്യത്തിൽ എത്തിച്ചത് നിയന്ത്രണമുണ്ടായിട്ടും ദീപാവലി ആഘോഷത്തിന്റെ ഭാഗമായുള്ള കരിമരുന്ന് പ്രയോഗങ്ങൾ കൂടിയായതോടെ വായുമലിനീകരണം കൂടുതൽ ഗുരുതരമാവുകയായിരുന്നു. ലോകത്തിലെത്തന്നെ ഏറ്റവും മലിനനഗരങ്ങളിലൊന്നെന്ന പേരുദോഷത്തിൽ രക്ഷപ്പെടാൻ സാധ്യമായ മാർഗങ്ങളിലൂടെയെല്ലാം ശ്രമിക്കുമ്പോഴാണ് ഡൽ ഹിക്കു മുന്നിൽ ഈ സങ്കീർണ പ്രതിസന്ധി തുടർച്ചയായി ഭീഷണിയുയർത്തുന്നത്.

വാഹനമലിനീകരണം ഏറ്റവും കൂടുതലുള്ള നഗരങ്ങളുടെ പട്ടികയിലും ഡൽഹി മുൻപിലാണ്. 2030 ആകുമ്പോഴേക്കും വാഹനങ്ങളുടെ എണ്ണം 2 കോടി കവിയുമെന്നാണ് കണക്കുകൂട്ടൽ. വായുമലിനീകരണം കുറയ്ക്കാൻ ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിയുമായി സർക്കാർ മുന്നിട്ടിറങ്ങിയിട്ടുമുണ്ട്. സി എൻ ജി ഇന്ധനമടക്കം പ്രചാരത്തിലെത്തിയിട്ടും നഗരത്തിലെ മലിനീകരണ തോത് കാര്യമായി കുറയാതെ നിൽക്കുന്നതു വലിയ ആശങ്കയാണുണ്ടാക്കുന്നത്.

ഡൽഹിയുടെ ആ ശ്വാസം മുട്ടൽ മറ്റു സംസ്ഥാനങ്ങൾക്കെല്ലാമുള്ള മുന്നറിയിപ്പുകൂടിയാണ്. അന്തരീക്ഷ മലിനീകരണം കാരണം രാജ്യത്തു പ്രതിവർഷം 12 ലക്ഷത്തിലേറെ പേർ മരിക്കുന്നുവെന്നാണ് ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട്. അന്തരീക്ഷ മലിനീകരണത്തിന്റെ കാര്യത്തിൽ കൊച്ചിയടക്കം കേരളത്തിലെ പലനഗരങ്ങളും ഡൽഹിയുടെ ദുർവിധിയിലേക്ക് നീങ്ങിയേക്കാമെന്ന ആശങ്ക ഗൗരവമുള്ളതാണ്.

സംസ്ഥാനത്തെ ഏറ്റവും മോശം വായു കൊച്ചിയിലാണെന്നത് നമുക്ക് കേട്ടുമറക്കാവുന്ന കാര്യമല്ല. അതുകൊണ്ട്തന്നെ, സാധ്യമായ രീതികളിലെല്ലാം വായു മലിനീകരണം തടയാനുള്ള ഊർജിതശ്രമം തുടങ്ങാൻ കേരളം ഇനിയും വൈകിക്കൂടാ.

# സെൽഫി

**പ്രതീക്ഷ പ്രകാശ്**

**ഒമ്പത് ഇ**



ഒരു സുന്ദരമായ ഗ്രാമം. പച്ചപ്പ് നിറഞ്ഞ ആ പ്രദേശത്ത് ഒരു കുഞ്ഞരുവി. കുറച്ചകലെയായ് ഒരു കുഞ്ഞുവീട്. ആ വീട്ടിൽ ഒരു അച്ഛനും അമ്മയും ഒരു മകനും. ഒരു പാവപ്പെട്ട കുടുംബം.അച്ഛൻ കൂലിപ്പണിക്കാരനാണ്. അമ്മ തയ്യൽക്കാരിയും മകൻ പത്താം ക്ലാസ്സും. അവൻെറ പേര് പ്രദോഷ്. പഠിക്കാൻ മിടുക്കനാണ് പ്രദോഷ്.അവൻെ വാർഷിക പരീക്ഷ അടുത്ത് വരികയാണ്.ഒരു ദിവസം പണികഴിഞ്ഞ് വരുന്ന അച്ഛൻ അരുവിക്കരയിലിരുന്ന് പഠിക്കുന്ന മകനെയാണ് കണ്ടത്.കയ്യിലുണ്ടായ മൺവെട്ടി താഴെ വച്ച് തലയിലെ തലക്കെട്ടും അഴിച്ച് അരുവിയിലേക്കിറങ്ങി കാലും മുഖവും കഴുകി മകൻെറ അടുത്ത് വന്നിരുന്നു. വാത്സല്യപൂർവ്വം മകനെ തഴുകി.പതിവ് പോലെ മടിക്കുത്തിൽ കരുതിയ പരിപ്പ് വട അവന് നേരെ നീട്ടി. മകൻെറ മുഖത്ത് സന്തോഷമുണ്ടായെ ങ്കിലും നേരിയ പരിഭവത്തോടെ അവൻ പറഞ്ഞു.ഇന്നും ഇതു തന്നെയാണോ...? ചെറിയ പുഞ്ചിരിയോടെ അച്ഛൻ മകനോട് പറഞ്ഞു.മോൻ പഠിച്ച് വലിയ ഡോക്ടറോ മറ്റോ ആയിട്ട് വേണം നമ്മുടെ ഈ കഷ്ടപ്പാടിൽ നിന്ന് നമുക്ക്കര കേറാൻ . അപ്പോഴേക്കും അമ്മ ചായയുമായി എത്തി. രണ്ടുപേർക്കുംചായ കൊടുത്ത്അമ്മ പറഞ്ഞു.നമ്മുടെ മകനെക്കുറിച്ച് ഓർത്ത് അങ്ങനെയൊരു ഭയം വേണ്ട. അവൻ ഉറപ്പായും ഈ വർഷം ഉന്നത വിജയം തന്നെ നേടും. ഈ വർഷം ഒന്നാം റങ്കോടുകൂടി പാസായാൽ അവന് ഇഷ്ടപ്പെട്ട സമ്മാനം വാങ്ങിക്കൊടുക്കുമെന്ന് അച്ഛൻ പറഞ്ഞു.അത് കേട്ട മകൻ തമാശയ്ക്ക് പറഞ്ഞു.ഈ അച്ഛന് ഒന്നും അറിയില്ല.ഇത് പഴയ കാലമല്ല.റാങ്കല്ല ഇപ്പൊ ഗ്രേഡാണ് പ്രധാനം.അച്ഛനെപ്പാ ഇതൊക്കെ അറിയാൻ സമയം.രാവിലെ മൺപെട്ടിയും കൊണ്ടിറങ്ങും . 'വൈകിട്ട് തിരിച്ചിട്ടും 'എന്ന് അമ്മയും പറഞ്ഞു.അപ്പോ അച്ഛൻെറ മറുപടി ഇതായിരുന്നു.എല്ലാം എൻെറ മോന് വേണ്ടിയല്ലെ! അപ്പൊ മകൻ ചോദിച്ചു.ആട്ടെ ഞാൻ ഫുൾ A+ നേടിയാൽഅച്ഛനെനിക്ക് എന്ത് വാങ്ങിത്തരും ..?.അവന് ഏറ്റവും ഇഷ്ടപ്പെട്ട സൈക്കിൾ തന്നെ വാങ്ങിക്കൊടുത്തേക്കാം എന്ന അമ്മ.അതുതന്നെയാകട്ടെ.ചെറുപ്രായത്തിൽഅതിനുവേണ്ടി കൊതിച്ചതല്ലേ എന്ന് അച്ഛൻ പറഞ്ഞു. അയ്യേ..!സൈക്കിൾ ഓടിച്ച് നടക്കേണ്ട പ്രായമാണൊ ഞാൻ എനിക്കിപ്പൊ പതിനഞ്ച് വയസ്സായി.അപ്പൊ അമ്മ ചോദിച്ചു .....? പകരം നിനക്കെന്താ വേണ്ടത്...?എടുത്തടിച്ച ഭാവത്തിൽ അവൻ പറഞ്ഞു. ഫോണോ....! അതിനൊക്കെ ഒരുപാട് പൈസയാകില്ലേ....? എന്നച്ഛൻ

പറഞ്ഞു.ഫോൺ വാങ്ങുന്ന പൈസ മതിയെന്ന് പ്രദോഷും. വേണ്ട....വേണ്ട....മോൻ ഫോണെടുത്ത് കളിക്കേണ്ട കാര്യമൊന്നുമില്ല.

അതിനൊത്ത പ്രായവും ആയിട്ടില്ല എന്ന്അമ്മ പറഞ്ഞപ്പോൾ തനിക്ക് ഫോൺ മതിയെന്ന് വാശിയും പിടിച്ച് അവൻ അകത്തേക്കോടിപ്പോയി.

മനസില്ലാമനസോടെ അച്ഛൻ സമ്മതം മൂളുകയും ചെയ്തു. അവന്റെ പിന്നീടുള്ള പഠിപ്പും സന്തോഷവും കണ്ടപ്പോൾ അമ്മയ്ക്കും മുടക്കംപറയാൻ പറ്റിയില്ല.

അവന് പരീക്ഷാഭയം ഉണ്ടാകാൻ തുടങ്ങി.അവന്റെ ഉള്ളിൽ ഒരു തീക്കനൽ പോലെ പരീക്ഷാപേടി എരിയാൻ തുടങ്ങി. എന്നിട്ടും അവൻ അത് കഴിയുന്നത് പോലെ പഠിക്കാൻ തുടങ്ങി.ആ വിഷയത്തിൽ അമ്മയുടെ ശുശ്രൂഷ അവന് ഒന്നും ആയില്ല.പരീക്ഷ തുടങ്ങി. എന്തൊക്കെ ആയാലും അവന്റെ പഠിപ്പിന് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ തുടർന്ന് കൊണ്ടേയിരുന്നു. പരീക്ഷ കഴിഞ്ഞു.

ഇന്നാണ് റിസൽട്ട് വരുന്ന ദിനം. അവൻ ആത്മവിശ്വാസത്തോടെ റിസൽട്ട് കാത്തിരുന്നു. അങ്ങനെ റിസൽട്ടും വന്നു. പ്രദോഷ് നെഞ്ചിടിപ്പോടെ ആ റിസൽട്ട് അറിഞ്ഞു. അവൻ എല്ലാ വിഷയത്തിലും A+ നേടി. അവൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.അവന്റെ ഒരു മാഷാണ് വന്ന് വിവരം പറഞ്ഞത്. അവൻ ഉടനെ അമ്മയോട് വിവരം പറഞ്ഞു. അമ്മയുടെ ആ നമ്പർ അടന്ന്പോയ ആ ഫോണെടുത്ത് അച്ഛനോടും വിവരം പറഞ്ഞു. അമ്മ ഉടൻ പായസം ഉണ്ടാക്കാൻ തുടങ്ങി.

അങ്ങനെ അച്ഛൻ വന്നു. അച്ഛൻ അവന് കുഞ്ഞ് ഫോണും വാങ്ങിക്കൊടുത്തു.അവർ അങ്ങനെ പായസം കുടിച്ച് കൊണ്ടിരിക്കെ അമ്മയ്ക്ക് ഒരു ആഗ്രഹം. കുറേയായില്ലെ ഒന്നമ്പലത്തിൽ പോയിട്ട്. നാളെ നമുക്കൊരുമിച്ച് ഇവിടത്തെ അമ്പലത്തിൽ പോയി വരാം. അപ്പോൾ പ്രദോഷ് പറഞ്ഞു, നമുക്കങ്ങകലെയുള്ള ആ വലിയ മലയുടെ അടുത്തുള്ള ശിവന്റെ അമ്പലത്തിലേക്ക് പോകാം.അപ്പോഴേക്കും അച്ഛന്റെ മുഖം വാടി.കാര്യം തിരക്കിയപ്പോൾ അച്ഛൻ പറഞ്ഞു.എന്റെ കയ്യിൽ ആകെയുള്ളത് വെറും 130 രൂപ മാത്രമാണ് ഇത് കൊണ്ടെവിടെ പോകാനാ....? അപ്പോൾ മകൻ പറഞ്ഞു നമുക്ക് നടന്ന് പോകാം. ആവശ്യമുള്ള സാധനങ്ങൾ കയ്യിൽ കരുതാം. അപ്പോൾ നാളത്തന്നെ പോകാമെന്ന് അച്ഛനും അമ്മയും പറഞ്ഞു.അന്ന് രാത്രിഅവൻ ആ ഫോണിൽ തന്നെയായിരുന്നു.പിറ്റേന്ന് രാവിലെ അവർ പോകാനൊരുങ്ങി.അവർ യാത്ര തുടങ്ങി.ആ മലമുകൾ കാണാൻ നല്ല ഭംഗിയാണെന്ന് അമ്മ പറഞ്ഞപ്പോൾ പ്രദോഷിനും അവിടെ പോകണമെന്നായി. അച്ഛൻ സമ്മതം മൂളി. അങ്ങനെ കളിയും ചിരിയും പാട്ടുമൊക്കെയായ് അവർ അമ്പലത്തിലെത്തി. ശിവനോട് സങ്കടങ്ങളെല്ലാം പറഞ്ഞു.ശിവനാമം ഉരുവിട്ട്കൊണ്ട് ക്ഷേത്രം പ്രദക്ഷിണം വച്ചു.

**ചെറിയ പട്ടങ്ങളുടെ വലിയ വാനം**

അവസാനം തൊഴുതിറങ്ങിയ അവർ മലമുകളിലേക്ക് പോകാൻ പുറപ്പെട്ടു. അങ്ങനെ അവർ മലമുകളിലെത്തി. അവർ ചുറ്റും നിന്ന് എല്ലാം കണ്ടു.പ്രദോഷ് അവിടവിടെയായ് നിന്ന് സെൽഫി എടുക്കാൻ തുടങ്ങി. അവന്റെ അച്ഛനും പറയുന്നതൊന്നും ചെവികൊണ്ടില്ല.അവൻ അച്ഛന്റെയും അമ്മയുടെയും കൂടെ നിന്ന് സെൽഫി എടുത്തു. അപ്പോൾ അമ്മയുടെ കാല് ഒന്ന് തറയിൽ തട്ടി. അമ്മ മുകളിൽ നിന്ന് താഴേക്ക് വീണു. തീർന്നു. ഒരുനിമിഷത്തെ അശ്രദ്ധ കാരണം ഒരമ്മയും ഭാര്യയും ആണ് അവർക്ക് നഷ്ടമായത്. അവിടെ കരച്ചിലിന്റെ ശബ്ദം ആകെ മുഴങ്ങാൻ തുടങ്ങി..മകൻ പൊട്ടിക്കരയാൻ തുടങ്ങി.അവർ വീട്ടിലേക്ക് മടങ്ങി.അന്ന് രാത്രി അച്ഛന് തലകറങ്ങി.മകൻ

അയൽവക്കക്കാരെ വിളിച്ചു.അവർ ഓടിവന്ന് മുഖത്ത് വെള്ളം തെളിച്ചു.അമ്മ മരിച്ച സങ്കടം കൊണ്ട് അച്ഛന് ദേഹമാകെ തളരുന്നതായ് തോന്നി.ശേഷം അച്ഛൻ അറിയാതെ ഒന്ന് ഉറങ്ങിപ്പോയി.മകന്റെ കരച്ചിൽ ഇപ്പോഴും നിലച്ചിട്ടില്ല.ഒരു ചെറിയ മയക്കത്തിന് ശേഷം അച്ഛൻ മകനെ നോക്കി.മകൻ കരഞ്ഞ് തളർന്ന് ആകെ അവശനായികിടക്കുന്നു.അവന് കുറച്ച് വെള്ളം കൊടുക്കാമെന്ന് കരുതി അച്ഛൻ എണീക്കാൻ തുടങ്ങി. വിരലുകളനങ്ങുന്നില്ല. കാലുകൾ

ചലിക്കുന്നില്ല. ആകെ ശാന്തമായ പ്രദേശം. അച്ഛന്റെ അരയ്ക്ക് താഴെ തളർന്നിരിക്കുന്നു.അച്ഛൻ മകനെ വിളിച്ചു. അവൻ ചിരിച്ച് കൊണ്ട് എണീറ്റു. അവൻ അമ്മയെ തിരക്കി. പെട്ടെന്ന് ഭാവം മാറി സങ്കടമായി.എല്ലാ ദു:ഖവും നിറഞ്ഞ് അവന് മാനസികമായിരിക്കുന്നു.അവൻ അമ്മയുടെ മുറിയിലേക്ക് ഓടുന്നു. തനിച്ച് എന്തൊക്കെയോ സംസാരിക്കുന്നു.നേരം വെളുത്തപ്പോൾ അവൻ എല്ലാ വീട്ടിലും കയറിയിരങ്ങിക്കൊണ്ടിരിക്കുന്നു. ഇത് സഹിക്കാനാകാതെ നാട്ടുകാർ അവനെ ഒരു മുറിയിൽ പൂട്ടിയിട്ടു. അയൽവക്കക്കാർ കൊടുക്കുന്ന ഭക്ഷണവും ശുശ്രൂഷയും ഒന്നും അവന് ഇഷ്ടമായിരുന്നില്ല.

അങ്ങനെ കാലങ്ങൾ ഏറെയായി. വയലിന് മീതെ ഫ്ലാറ്റുകളായി.

കുടിലുകൾ മാറി വീടുകളായി. എന്തിനധികം പറയുന്നു.സുനാമി വരെ വന്നു.പ്രദോഷ് ഇന്നും ജീവിച്ചിരിക്കുന്നു.കാലുകൾ തടിച്ച് ,നഖങ്ങൾ കൂർപ്പിച്ച് പരമശിവന്റെ കോപത്തോടെ അവൻ അങ്ങനെ രക്ഷപ്പെടാൻ ശ്രമിക്കുന്നു.അങ്ങനൊരു ദിവസം അവൻ ആ വാതിൽ ചവിട്ടിപ്പൊളിച്ചു.

അവൻ പുറത്തിറങ്ങി ഓടാൻ തുടങ്ങി.മൈതാനത്ത് കളിക്കുന്ന കുട്ടികൾ

അവനെ കണ്ട് ഓടി വീട്ടിലെത്തി. ആളുകൾ അവനോട് ഒരു ഭയവും കാട്ടാതെ ചൂലും തീപന്തവും വടിയുമൊക്കെയായ് അവന് നേരെ പാഞ്ഞു.

അവൻ ഓടിയോടി അവന്റെ അമ്മ മരിച്ച സ്ഥലത്ത് എത്തിച്ചേർന്നു.

**ഗവ : ഹയർ സെക്കന്ററി സ്കൂൾ മാതമംഗലം**

കഴിഞ്ഞ് പോയ കാര്യങ്ങൾ അവന് ഓർമ്മ വരുന്നു. പഴയ ഓർമ്മകൾ അവനെ മുഴുഭ്രാന്തനാക്കി. അമ്മയുടെ മുഖം അവൻെറ മനസിൽ മിന്നിമറഞ്ഞ്കൊണ്ടേയിരുന്നു.അമ്മയെ കാണാൻ തോന്നിയ പ്രദോഷ് ആ മലയിൽ നിന്നും എടുത്ത് ചാടി. അങ്ങനെ അവനും അവൻെ മോഹങ്ങളും മണ്ണോട് ചേർന്നു.

# കാത്തിരിപ്പ്

സങ്കീർത്തന



നീണ്ട വരാന്തയിൽ നിദ്രയില്ലാതമ്മ
അർദ്ധരാത്രികൾ കണ്ണീരാൽ തുടച്ചു നീക്കുന്നു
സ്വഗാത്രത്തിൽ നിന്നു വേർപ്പെട്ട മനസ്സും
വിഷാദം സ്ഫുരിക്കും ജരാക്രാന്തമാം വദനവും
വിധവയാണെങ്കിലും ഏകയല്ല അവർ
മൂന്ന് മക്കളുടെ പാറാവുകാരിയാണ്

എ സി യിൽ കമ്പനം കൊള്ളുന്നറയ്ക്കുള്ളിൽ
അഗമ്യമാം ശയനത്തിലാണ് മൂവരും
ധനഗ്രവ്യ സർവ്വ പ്രതാപത്തിലുന്നമന-
മേറെ കൊതിച്ചുള്ളം കൈകളിൽ വന്നനാൾ
ഉയിരിൽ വീഥിയിലുയരും മുള്ളുകൾ പിഴുതെറിയുമ്പോൾ
ചുമലിൽ ഘനമായി മാറിയാ തായയെ. . . . . .
പണമെറിഞ്ഞ ചരക്കുപോൽ അവർ വൃദ്ധസദനത്തിൽ
പടിവാതിലിലുപേക്ഷിച്ചു യാത്രയായി.

ഓരോ ദിനരാത്രികൾ കടന്നുപോകുന്ന
വാർദ്ധക്യമേറെയൂറ്റം കൊണ്ടു വരുന്ന
നയനജലം വാർന്നുതിർന്ന കുമ്പിയ മിഴികളും
ഗദ്ഗദത്തിൽ വിതുമ്പും ചെഞ്ചുണ്ടുകളും
എന്നും മക്കൾ തൻ വിളികൾക്കുമാത്രമായി
കർണ്ണങ്ങൾ കൂർപ്പിച്ചു കാത്തിരിക്കുമാ ദേവീ. . . . . .

# ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ 2020.

**ഫാത്തിമ ഹാല ഐ.കെ**



സ്കൂളിലും സബ് ജില്ലയിലും ജില്ലയിലും ഒന്നാം സ്ഥാനം നേടിയ ആത്മവിശ്വാസവുമായാണ് ഞാൻ കോട്ടയം ജില്ലയിലെ കുമരകം എസ്.കെ.എം.ഹൈസ്കൂളിൽ സംസ്ഥാന തല മത്സരത്തിന് പങ്കെടുക്കാനെത്തിയത്. പതിനാല് ജില്ലകളിൽ നിന്നും രണ്ട് പേർ വീതം 28 പേർ മത്സരത്തിൽ പങ്കെടുത്തു. Construction of Polygon s എന്നതായിരുന്ന വിഷയം. നന്നായി അവതരിപ്പിച്ചു. റിസൾട്ട് വന്നപ്പോൾ A ഗ്രേഡ്. വളരെ സന്തോഷമായി. കൂടെ വന്ന വാപ്പയും പ്രഭാകരൻ മാഷും അഭിനന്ദനങ്ങളറിയിച്ചു. ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമായിരുന്നു. മനോഹരമായ കുമരകം കായൽപ്പരപ്പിന്റെ ഓരത്തുകൂടി മടക്കയാത്ര...

# മഴയുടെ താണ്ഡവം

ആദിത്യൻ പവിത്രൻ



ആരും മറക്കാത്ത നാളുകൾ തന്നിട്ട്
നമ്മെ തളർത്തിക്കളഞ്ഞുമഴ
നമ്മെ പഠിപ്പിച്ച പാഠങ്ങൾ ഓർത്തിട്ട്
നാം ഇന്നും കരയുന്ന നേരമെല്ലാം
ആർത്തൊലിച്ച് വന്നതു കണ്ടപ്പോൾ
ഭീതിജനകമായി തോന്നിയത്
ചിന്തിച്ചിരിക്കാൻ സമയമില്ലാതായപ്പോൾ
ജീവനും കൊണ്ട് നാം രക്ഷപ്പെട്ടു
ഉറ്റവരെ നഷ്ടപ്പെട്ട വേദനയിൽ
വേർപാടിൻ ദുഃഖം ഉള്ളിലൊതുക്കി
നാം ഒന്നിച്ചു നിന്നകാലം
നമ്മൾ പഠിച്ച പാഠങ്ങളോരോന്നും
നേർക്കാഴ്ചയായ് മാറുന്നു
ഓർക്കുന്നു നാമിന്ന്ചെയ്തക്രൂരതക-
ളോരോന്നും പുഴകൾ നശിപ്പിച്ചും മലയിടിച്ചും
അങ്ങനെ നാം ചെയ്ത ക്രൂരതകൾ ഒട്ടനവധി
അമ്മയായ് കരുതേണ്ട നമ്മുടെ പ്രകൃതിയെ
ദയനീയമായി നാം കൊന്നൊടുക്കി
താനും ഒരുനാൾ തിരിച്ചടിക്കുമെന്ന്-
ഓർമിപ്പിച്ച് പ്രകൃതിയും തിരിച്ചടിക്കാനായെത്തി-
മഴയെ ശപിച്ചതു കൊണ്ടൊന്നുമായില്ല
നമ്മുടെ ദയനീയ ക്രൂരതകൾ
മഴകൾ പറഞ്ഞത് ഇത്രമാത്രം
തന്റെയും സ്വത്താണ് ഈ ഭൂമി
നമ്മെ പഠിപ്പിച്ച വലിയ പാഠം
ഉൾകൊണ്ട് മാറുക നാമെല്ലാം

# ജൂലിയസ് സീസർ

കീർത്തന എം വി



ആംഗലേയ സാഹിത്യത്തിലെ മഹാനായ കവിയും നാടകകൃത്തുമാണ് വില്യം ഷേക്സ്പിയർ . അഞ്ചു നൂറ്റാണ്ടുകൾക്കിപ്പുറവും അനുവാചകരെ രസിപ്പിച്ചു കൊണ്ട്ഷേക്സ്പിയറും അദ്ദേഹത്തിന്റെ നാടകങ്ങളും അനശ്വരമായിനിലകൊള്ളുന്നു.ഇംഗ്ലണ്ടിന്റെ ദേശീയ കവിയായി അറിയപ്പെടുന്ന അദ്ദേഹത്തിന്റെ നാടകങ്ങൾ എല്ലാ പ്രധാന ഭാഷകളിലേക്കും പരിഭാഷപ്പെടുത്തുകയും മറ്റ് ഏതൊരുനാടക നാടക കൃത്തിന്റെ കൃതികളെക്കാളുമധികം അവതരിപ്പിക്കപ്പെടുകയുംചെയ്തിട്ടുണ്ട് .മാക്ബത്ത് ,ഒഥല്ലോ, ഹാംലറ്റ് തുടങ്ങിയവ അദ്ദേഹത്തിന്റെ
മറ്റ് സൃഷ്ടികളാണ് .

ഷേക്സ്പിയറുടെ ദു:ഖ പര്യവസായിയായ നാടകങ്ങളിൽ വളരെ പ്രധാനമായ ഒന്നാണ് ജൂലിയസ് സീസർ . 1599 ൽ രചിക്കപ്പെട്ട ഈ കൃതി റോമൻ ചരിത്രത്തിലെ യഥാർഥ സംഭവങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ് .പേരുപോലെത്തന്നെ ജൂലിയസ് സീസർ എന്ന യുദ്ധവീരനാണ് ഇതിലെ നായകൻ . ബ്രൂട്ടസ് ,കാഷ്യസ് ,ആന്റണി ടൈറ്റിനിയസ്, ഒക്ടേവിയസ് തുടങ്ങിയവരാണ് ഈ നാടകത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങൾ യുദ്ധ വീരനും മനുഷ്യ സ്നേഹിയുമായ സീസർ റോമാ സാമ്രാജ്യത്തിന്റെഅധി കാരിയാകുമെന്ന സുഹൃത്തുക്കളായ മറ്റുള്ളവർ സീസറെ ചതിയിൽ കൊലപ്പെടുത്തുന്നത്ഈ കഥയിലെ പ്രധാന സന്ദർഭമാണ്. കോപാകുലരായ ജനങ്ങൾ കൊലപാതകികൾക്കെതിരെ
യുദ്ധം നയിക്കുകയും പശ്ചാത്താപ വിവശരായ ബ്രൂട്ടസും കൂട്ടരും ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു. ഇതോടെയാണ് നാടകം പൂർണമാകുന്നത് .
ഇന്നും പ്രസക്തമായ രാജ്യദ്രോഹപരമായ കൂട്ടുകെട്ടുകളുടെ കഥ പറയുന്ന ഒരു മഹദ് കൃതിയാണ് ജൂലിയസ് സീസർ.

# ആഗോള താപനം

അർജ്ജുൻ സി വി



ആഗോളതാപനത്തിന്റെപ്രധാനകാരണത്തിലൊന്നായികാണക്കാക്കുന്ന അന്തരീക്ഷത്തിലെ CO2 അളവ് വർധിക്കുന്നതാണ്. മരങ്ങൾ വച്ചു പിടിപ്പിക്കുക എന്നത് സ്വാഭാവികവും സമയമെടുക്കുന്നതുമായ പ്രതിവിധിയാണ് പലപ്പോഴും CO2 അളവ് കുറയ്ക്കാനായി നിർദ്ദേശിക്കപ്പെടുന്നത്. എന്നാൽ ഇപ്പോഴിതാ വളരെ പെട്ടെന്ന് അന്തരീക്ഷത്തിലെ CO2 നേരിട്ട് വലിച്ചെടുക്കുന്നതിനുള്ള സംവിധാനം കണ്ടെത്തിയിരിക്കുകയാണ് ഗവേഷകർ.

അന്തരീക്ഷത്തിലെ ചെറിയ അളവിലുള്ള CO2 നെയും വലിച്ചെടുക്കാൻ സാധിക്കുന്നതാണ് പുതിയ ഉപകരണം. അമേരിക്കയിലെ മസാച്ചുസെറ്റസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഗവേഷകരാണ് കണ്ടെത്തലിന് പിന്നിൽ. ഫോസിൽ ഇന്ധനങ്ങൾ കൊണ്ട് പ്രവർത്തിക്കുന്ന ഫാക്ടറിയിലെ കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കാൻ ഈ ഉപകരണം സഹായിക്കുമെന്നാണ് പ്രതീക്ഷ.

ദശലക്ഷത്തിൽ 400 എന്ന അളവിൽ ആണെങ്കിൽ പോലും CO2 വലിച്ചെടുക്കാൻ ഉപകരണത്തിന് സാധിക്കും. സാധാരണ അന്തരീക്ഷത്തിൽ നിന്നു പോലും നിശ്ചിത പ്രദേശത്തെ CO2 വലിച്ചെടുക്കാൻ ഇവക്കാകും. പ്രത്യേകമായി തയ്യാറാക്കിയ വലിയ ബാറ്ററിയും ഇലക്ട്രോണുകളുടെ കൂട്ടവും അടങ്ങിയ ഉപകരണമാണ് CO2 വലിച്ചെടുക്കുക. ചാർജ്ജ് ഉള്ള സമയത്ത് ഇതിന്റെ പരിധിയിൽപ്പെടുന്ന അന്തരീക്ഷത്തിലെ CO2 ഇവ വലിച്ചെടുക്കും. ചാർജിങ് ഡിസ്ചാർജ് സൈക്കിളുകളിൽ കൂടെയാണ് ഉപകരണം പ്രവർത്തിക്കുന്നത്.

ഇതിൽ ചാർജിങ് സമയത്ത് CO2 ഇല്ലാത്ത വായുവാണ് പുറന്തള്ളുക.ഡിസ്ചാർജിങ്ന്റെ സമയത്ത് ശേഖരിച്ചുവെച്ച CO2 പുറത്തെത്തും. ഇങ്ങനെ പുറന്തള്ളുന്ന CO2 മാത്രമായി ശേഖരിച്ചുവയ്ക്കാൻ ആകും. ചൂടാക്കുക, സമ്മർദ്ദം ചില തുക, ഏതെങ്കിലും രാസവസ്തുക്കൾ ഉപയോഗിക്കുക തുടങ്ങിയവ ഒന്നും ചെയ്യാതെയാണ് ഈ ഉപകരണത്തിലൂടെ CO2 ശേഖരിക്കുന്നത് എന്നതാണ് ഗവേഷകർ വൻ നേട്ടമായി വിലയിരുത്തുന്നത്. രണ്ടുവശവും സജീവമായ ചെറു സീറ്റുകൾ അടങ്ങിയ ഈ ഉപകരണത്തെ ഒരു പെട്ടിക്കുള്ളിൽ എളുപ്പത്തിൽ വെക്കാനാകും. വൈദ്യുതി ലഭിക്കുന്ന എവിടെയും പ്രവർത്തിപ്പിക്കാനാകും എന്നതും നേട്ടമാണ്.

ഭൗതിക ലോകത്തെയും ജീവജാലങ്ങളുടെയും ഘടനയെയും സ്വഭാവത്തെയും കുറിച്ച് പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും ചിട്ടയായ രീതികളിലൂടെയും മനസ്സിലാക്കുന്ന വിജ്ഞാനശാഖയാണ് സയൻസ്. മനുഷ്യന്റെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുന്ന സാങ്കേതിക വിദ്യകളാണ് സയൻസിന്റെ പ്രയോഗിക വത്കരിച്ച രൂപം. സയൻസിലെ അറിവ് മനുഷ്യന് തന്റെ ചുറ്റുമുള്ളതിനെക്കുറിച്ച് കൂടുതൽ നന്നായി അറിയാനും കൂടുതൽ മനോബലം

*ഉള്ളവരായി മാറ്റുന്നതിനും  സഹായിക്കുന്നു. സയൻസിനെ പുരോഗതി സാങ്കേതികവിദ്യയുടെ പുരോഗതിക്കും സാങ്കേതിക വിദ്യയുടെ പുരോഗതി രാജ്യപുരോഗതിക്കും എന്നതു  വഴി തൊഴിലില്ലായ്മ, ദാരിദ്ര്യം, തുടങ്ങിയ സാമൂഹിക നന്മകൾ ഇല്ലാതാക്കുന്നതിനും മനുഷ്യനെ സഹായിക്കുന്നു.*

*പ്രകൃതിപ്രതിഭാസങ്ങളെ കുറിച്ചും, എന്തുകൊണ്ട് ഭൂമി വൃത്താകൃതിയിൽ ആയത്, ആകാശത്തു നക്ഷത്രങ്ങൾ വന്നത് എന്തുകൊണ്ടാണ്, ശബ്ദത്തെക്കാൾ വേഗത്തിൽ പ്രകാശം സഞ്ചരിക്കുന്നത് എന്നിങ്ങനെ എല്ലാകാലത്തും കുഴക്കിയ ചോദ്യങ്ങൾക്ക് യുക്തിസഹമായ ഉത്തരം നൽകുന്നത് സയൻസ് ആണ്.*

# പുഴയുടെ കരച്ചിൽ ആരു കണ്ടു...

സഞ്ചൽ . എ .



പുഴ പറഞ്ഞതും അരുവി പറഞ്ഞതും
കടലു പറഞ്ഞതും ആരു കേൾക്കാൻ
മഴ കരയുമ്പോൾ പുഴയുടെ സന്തോഷം
ആരു കണ്ടു....
സൂര്യൻ ചിരിക്കുമ്പോൾ പുഴയുടെ
സങ്കടം ആരു കണ്ടു....
മഴ മേഘങ്ങളിൽ നിന്ന് ഇറ്റി വീഴുന്ന
മഴത്തുള്ളി കണ്ട പുഴയുടെ ആനന്ദം
ആരു കണ്ടു....
പ്ലാസ്റ്റിക്ക് സഞ്ചി തൻ മാറിലൂടെ
ഒഴുകുന്നതു കണ്ട പുഴയുടെ വേദന
ആരു കണ്ടു....
ഭൂമിയുടെ ഞരമ്പുകളായ പുഴകളുടെ
കരച്ചിൽ ആരു കണ്ടു ആരു കണ്ടു
ആരു കണ്ടു..............

## നന്ദി

മാധുര്യമോലുന്ന മലയാള ഭാഷയെ കുതിച്ചുയരുന്ന സാങ്കേതിക ലോകത്തേക്ക് നയിക്കാനും, ഇന്റർനെറ്റിന്റെ വിശാലമായ ഇടങ്ങളിൽ സ്ഥാനമുറപ്പിച്ച് ആഗോള തലത്തിലെത്തിക്കാനുമൊക്കെയുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ 'മലയാളം ടൈപ്പിങ്ങ്" പഠിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും നമ്മുടെ കടമ കൂടിയായി മാറുന്നു. ഈ തിരിച്ചറിവിലാണ് മാതമംഗലം സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സിന്റ നേതൃത്വത്തിൽ ഒരു ഇ-മാഗസിൻ തയ്യാറാക്കാൻ ശ്രമിച്ചത്. വ്യത്യസ്തങ്ങളായ രചനകൾ നൽകി ഈ സദുദ്യമത്തിൽ പങ്കാളികളായ മുഴുവൻ എഴുത്തുകാർക്കും, നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർമാർക്കും, ആശംസനൽകിയും, പ്രോത്സാഹിപ്പിച്ചും കൂടെ നിന്ന ഹെഡ്മിസ്ട്രസ്സിനും മറ്റധ്യപകർക്കുമെല്ലാം ഞങ്ങളുടെ ഹൃദയംഗമമായ **നന്ദി.........**